# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.344** **21.06.2019-ൽ മറുപടിക്ക്**

## ടൂറിസം മേഖലയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം മേഖലയുടെ ശാക്തീകരണത്തിന് ഇതര വകുപ്പുകളുമായി സഹകരിച്ച് നടപ്പ് സാമ്പത്തിക വർഷം പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ടൂറിസം വകുപ്പിന്റെ വികസന പദ്ധതികൾ ഏറെക്കുറെ എല്ലാം തന്നെ മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. വനം-വന്യജീവി വകുപ്പ്, ജനസേചന വകുപ്പ്, ഹാർബർ എൻജിനീയറിംഗ് വകുപ്പ്, പുരാവസ്തു വകുപ്പ്, ഫിഷറീസ് വകുപ്പ്, കെ.എസ്.ഇ.ബി, ദേവസ്വം ബോർഡുകൾ തുടങ്ങിയവയുമായി സഹകരിച്ചാണ് വകുപ്പിന്റെ വികസന പദ്ധതികൾ നടപ്പാക്കി വരുന്നത്. ഇതിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിക്ക് പുറമേ കേന്ദ്രാവിഷ്കൃത ടൂറിസം പദ്ധതികളും ഉൾപ്പെടുന്നു.<br>നടപ്പ് സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ കണ്ണൂർ ജില്ലയിൽ കുടാലി - നായ്ക്കാലി ടൂറിസം പദ്ധതിയും, കോട്ടയം ജില്ലയിൽ വലിയ മട വാട്ടർ ഫ്രണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ വയനാട് ജില്ലയിൽ തിരുനെല്ലി അമ്പലത്തിന്റെ പരിസരത്തുള്ള വികസന പ്രവർത്തനങ്ങൾക്കും സർക്കാർ അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. |

ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ടൂറിസം വകുപ്പിന് മറ്റ് ഏതെല്ലാം വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുവാൻ സാധിച്ചുവെന്നും ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ;

ബി) **നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

തിരുവനന്തപുരം

ഡെവലപ്മെന്റ് ഓഫ് നെയ്യാർ ഡാം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ - ജലസേചന വകുപ്പ്

മടവൂർപ്പാറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് - പുരാവസ്തു വകുപ്പ്

പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് കോലത്തുകര - ദേവസ്വം ബോർഡ്

ടൂറിസം ഡെവലപ്മെന്റ് പ്രോജക്റ്റ്, അണിയൂർ - ദേവസ്വം ബോർഡ്

കൺസ്ട്രക്ഷൻ ഓഫ് ഫെസിലിറ്റേഷൻ കം കൺവെൻഷൻ സെന്റർ & റിനോവേഷൻ ഓഫ് പോണ്ട് ഉദയ ആദിച്ചപുരം - ദേവസ്വം ബോർഡ്

കൊല്ലം

ഡെവലപ്മെന്റ് ഓഫ് ബ്രേക്ക് വാട്ടർ ടൂറിസം, തങ്കശ്ശേരി - ഹാർബർ എൻജിനീയറിംഗ് വകുപ്പ്

ശാസ്താംപാറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് - തദ്ദേശസ്വയംഭരണ വകുപ്പ്

തൃശ്ശൂർ

തുമ്പൂർമൂഴി ടൂറിസം പ്രോജക്റ്റ്, ബ്യൂട്ടിഫിക്കേഷൻ ഓഫ് പീച്ചി ഡാം ഏരിയ & ബോട്ടാണിക്കൽ ഗാർഡൻ - ഇറിഗേഷൻ വകുപ്പ്

കോഴിക്കോട്

ബീച്ച് വികസനം - തുറമുഖ വകുപ്പ്

കണ്ണൂർ

കുടാലി- നായ്ക്കാലി പദ്ധതി - തദ്ദേശ സ്വയംഭരണ വകുപ്പ്

കോട്ടയം

വലിയ മട വാട്ടർ ഫ്രണ്ട് പദ്ധതി - തദ്ദേശ സ്വയംഭരണ വകുപ്പ്

വയനാട്

തിരുനെല്ലി അമ്പലത്തിന്റെ പരിസരത്തുള്ള വികസന പ്രവർത്തനങ്ങൾ - മലബാർ ദേവസ്വം ബോർഡ്

ആലപ്പുഴ

വേസൈഡ് അമിനിറ്റി സെന്റർ, തുറവൂർ - പി.ഡബ്ല്യു.ഡി

കാസറഗോഡ്

ബേക്കൽ ഫോർട്ട് - കേന്ദ്ര പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത്.

നിലവിൽ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് മേൽ സൂചിപ്പിച്ച ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സാധാരണയായി ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ മറ്റു വകുപ്പുകളുടെ സാമ്പത്തിക സഹകരണം ഉണ്ടാകാറില്ല. എന്നാൽ ഈ പദ്ധതികളിൽ ഏറെക്കുറെ എല്ലാം തന്നെ മേൽ വിവരിച്ച വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലോ, കൈവശത്തിലോ ഉള്ള ഭൂമിയിലാണ് നടപ്പിലാക്കി വരുന്നത്. ആയതിനുള്ള ഉപയോഗാനുമതി പ്രസ്തുത വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| സി) | ഈ മേഖലയിൽ നടപ്പ സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ? | സി) | ഈ മേഖലയിൽ നടപ്പ സാമ്പത്തിക വർഷം 18.52 കോടി രൂപയുടെ പദ്ധതികൾക്കാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ